# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 29

# വാർത്താക്കുറിപ്പ്

## എം.ജി. പി.ജി. ഏകജാലകം; ഒഴിവുള്ള സീറ്റിലേക്ക് പ്രവേശനത്തിന് ഓഗസ്റ്റ് ഒന്നുവരെ രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഫൈനൽ അലോട്ട്മെന്റിനുശേഷം ഏകജാലകം വഴി പി.ജി. പ്രവേശനത്തിന് ഓഗസ്റ്റ് ഒന്നുവരെ പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ പ്രവേശനമെടുക്കാത്തവർക്ക് അപേക്ഷിക്കാം.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും ഫീസടയ്ക്കാതെ നിലവിലെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിലൂടെ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കണം. ലോഗിൻ ചെയ്തശേഷം അപേക്ഷകന് നേരത്തെ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താം, പുതുതായി ഓപ്ഷനുകൾ നൽകാം. മേൽവിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസടച്ച് സ്പെഷൽ അലോട്ട്മെന്റിൽ പങ്കെടുക്കാം.

സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതുതായി ഓപ്ഷനുകൾ നൽകണം. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ഓഗസ്റ്റ് രണ്ടിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. കോളേജുകളിലെ വിവിധ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തും. ഓഗസ്റ്റ് രണ്ടു മുതൽ അഞ്ചുവരെയാണ് പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ പ്രവേശനസാധ്യത അറിയുന്നതിനായി ഓഗസ്റ്റ് രണ്ടിനുതന്നെ കോളേജുകളുമായി ബന്ധപ്പെടണം. റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടാലും സീറ്റൊഴിവുണ്ടെങ്കിൽ മാത്രമേ പ്രവേശനം സാധ്യമാകൂ. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ഏതെങ്കിലും പ്രോഗ്രാമിൽ പ്രവേശനമെടുത്തവർ രജിസ്റ്റർ ചെയ്യാൻ പാടില്ല. അപ്രകാരം രജിസ്റ്റർ ചെയ്താൽ അവരുടെ നിലവിലെ പ്രവേശനം റദ്ദാകും. റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കും.

പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ഓഗസ്റ്റ് അഞ്ചിന് പൂർത്തിയാക്കും. അതിനുശേഷം പ്രവേശനം അനുവദിക്കില്ല. റാങ്ക് ലിസ്റ്റിൽ നിന്ന് പ്രവേശനം നേടുമ്പോൾ സർവകലാശാലയും സർക്കാരും നിഷ്കർഷിച്ചിരിക്കുന്ന ഫീസ് മാത്രം നൽകിയാൽ മതി. അധിക ഫീസ് ഈടാക്കുന്നപക്ഷം പരാതി രേഖാമൂലം സർവകലാശാലയിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/1444/2019)

## പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (സി.എസ്.എസ്.-റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് ഒന്നു മുതൽ സെപ്തംബർ നാലുവരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1444/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. 2019 ജൂലൈ ഒന്നിന് 21 വയസ് പൂർത്തിയായിട്ടില്ലാത്ത വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂലൈ 29ന് രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2310165.

(പി.ആർ.ഒ./39/1444/2019)

## ഡി.എ.എസ്.പി.; സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഹ്രസ്വകാല കോഴ്സുകൾക്കുവേണ്ടിയുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസിൽ (ഡി.എ.എസ്.പി.) സർട്ടിഫിക്കറ്റ് ഇൻ ഇന്റർനെറ്റ് പ്രോഗ്രാമിംഗ് ആന്റ് വെബ് ടെക്നോളജീസ്, സർട്ടിഫിക്കറ്റ് ഇൻ വാട്ടർ ഹാർവെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ്, പി.ജി. സർട്ടിഫിക്കറ്റ് ഇൻ ഇമോഷണൽ ഇന്റലിജൻസ് എന്നീ പ്രോഗ്രാമുകളിൽ ഏതാനും സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർക്ക് ഓഗസ്റ്റ് മൂന്നുവരെ dasp.mgu.ac.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1444/2019)

## പ്രോജക്ട് ഫെലോ/ പ്രോജക്ട് അസോസിയേറ്റ് ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് ടെക്നോളജിയും സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സും സംയുക്തമായി ആരംഭിക്കുന്ന യു.ജി.സി. - ഡി.എ.ഇ. കൺസോർഷ്യം ഫോർ സയന്റിഫിക് റിസർച്ച് പ്രൊജക്ടിൽ പ്രൊജക്ട് ഫെലോ/പ്രൊജക്ട് അസോസിയേറ്റ് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്. എം.എസ്‌സി. ഫിസിക്സ്/നാനോ സയൻസ് എന്നിവയിൽ ഒന്നാം ക്ലാസ് ബിരുദമാണ് പ്രോജക്ട് ഫെലോയുടെ യോഗ്യത. പ്രതിമാസം 14000 രൂപയും വീട്ടുവാടക അലവൻസും ലഭിക്കും. എം.എസ്‌സി. ഫിസിക്സ്/നാനോ സയൻസ് എന്നിവയിൽ ഒന്നാം ക്ലാസ് ബിരുദം, നെറ്റ്, ഗേറ്റ്, സ്ലെറ്റ് എന്നിവയാണ് പ്രോജക്ട് അസോസിയേറ്റിന്റെ യോഗ്യത. പ്രതിമാസം 25000 രൂപയും വീട്ടുവാടക അലവൻസും ലഭിക്കും. അപേക്ഷകർ വിശദമായ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും രണ്ട് റഫറൻസ് കത്തുകളും ഓഗസ്റ്റ് നാലിന് മുമ്പായി nkkalarikkal@mgu.ac.in എന്ന ഇമെയിലിലേക്കും 'ഡോ. നന്ദകുമാർ കളരിക്കൽ, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, ഡി.എ.ഇ. പ്രോജക്ട്, സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം - 686560' എന്ന വിലാസത്തിലും അയയ്ക്കണം.

(പി.ആർ.ഒ./39/1444/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ